# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4018** — **11-11-2019 - ൽ മറുപടിയ്ക്ക്**

### ഉപഭോക്തൃ തർക്ക പരിഹാര ഫോറം

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് എപ്രകാരമാണ്; ഏതെങ്കിലും സമിതിയുടെ ശിപാർശ പ്രകാരമാണോ ഇത്തരം ഫോറങ്ങളിലേക്കുള്ള നിയമനം നടത്തുന്നത്; വിശദമാക്കുമോ; | (എ) | ഉപഭോക്തൃ സംരക്ഷണ നിയമത്തിലും, ചട്ടത്തിലും പ്രതിപാദിച്ചിരിയ്ക്കുന്ന യോഗ്യത - യുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച്, പ്രസ്തുത നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിരിയ്ക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിയ്ക്കുന്ന പാനലിൽ നിന്നാണ് നിയമനം നടത്തുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലും സമിതിയുടെ ശുപാർശയില്ല. |
| (ബി) | ഈ ഫോറങ്ങളിലേക്കുള്ള നിയമന യോഗ്യത എന്തൊക്കെയാണ്; അറിയിക്കുമോ; | (ബി) | ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം, 35 വയസ്സോ അതിനു മുകളിലോ പ്രായം. (65 വയസ് കഴിയാൻ പാടില്ല). കഴിവും, ആർജവവും, ധനതത്വം, നിയമം, കൊമേഴ്സ്, വ്യവസായം, അക്കൗണ്ടൻസി, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങളിലേതെങ്കിലും കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. |
| (സി) | ഇത്തരം ഫോറങ്ങളിലേക്കുള്ള നിയമനങ്ങളിൽ ബാഹ്യ ഇടപെടലുകൾ നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. ഉപഭോക്തൃ സംരക്ഷണ നിയമത്തിലും, ചട്ടത്തിലും പ്രതിപാദിച്ചിരിയ്ക്കുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച്, പ്രസ്തുത നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിരിയ്ക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് അഭിമുഖം നടത്തി തികച്ചും യോഗ്യരായവരെയാണ് നിയമിയ്ക്കുന്നത്. |
| (ഡി) | എങ്കിൽ രാഷ്ട്രീയ പരിഗണന ഒഴിവാക്കി യോഗ്യരായവരെ പ്രസ്തുത ഫോറങ്ങളിലെ അംഗങ്ങളാക്കുമോ എന്ന് അറിയിയ്ക്കുമോ ? | | |

സെക്ഷൻ ഓഫീസർ